# Malayala Manorama

# 1 August 2018

# Aluva: Water level increase, Vavu Bali is not Possible, Manappuram

## ഉയരുന്ന ജലനിരപ്പ്: ആലുവ മണപ്പുറത്ത് വാവുബലി തർപ്പണം പ്രയാസകരമാകും

ആലുവ ● പെരിയാറിൽ ജലനിരപ്പ് ഉയരുന്നത് ഇന്നത്തെ നിലയിൽ തുടർന്നാൽ ശനിയാഴ്ച മണപ്പുറത്തു കർക്കടക വാവുബലി നടത്താനാവില്ല. പുലർച്ചെ നാലു മുതൽ ഉച്ച വരെയാണ് ബലിതർപ്പണം.

ഇടമലയാർ അണക്കെട്ടു തുറക്കുന്നതിനു മുൻപേ മണപ്പുറം മുങ്ങി. ക്ഷേത്രാങ്കണത്തിൽ വെള്ളം കയറിയതിനെ തുടർന്നു പൂജാസാമഗ്രികളും മറ്റും മുകളിലേക്കു മാറ്റി.

പുഴയോരത്തു സ്ഥാപിച്ച താൽക്കാലിക വിളക്കുകാലുകൾ അഴിച്ചുനീക്കി.

രണ്ടു ദിവസത്തിനുള്ളിൽ വെള്ളം ഇറങ്ങുമെന്നു പ്രതീക്ഷിക്കാനാവില്ല. അഥവാ ജലനിരപ്പ് താഴ്ന്നാലും മണപ്പുറത്തു ചെളി അവശേഷിക്കും.

ഭക്തജനങ്ങൾക്ക് അവിടെ നിന്നു പിതൃകർമങ്ങൾ നടത്താൻ ബുദ്ധിമുട്ട് അനുഭവപ്പെടും.

വെള്ളം എവിടെ വരെ ഉയരുന്നുവോ അതിനു മുകളിൽ ബലി തർപ്പണത്തിനു സൗകര്യം ഒരുക്കാനാണ് ദേവസ്വം ബോർഡിന്റെ തീരുമാനം.

വേണ്ടിവന്നാൽ പാർക്കിങ് ഗ്രൗണ്ടിലും റോഡിലും താൽക്കാലിക ബലിപ്പുരകൾ കെട്ടാനുള്ള തയാറെടുപ്പുകൾ നടത്തി.

2013 ഓഗസ്റ്റിൽ ഇടമലയാർ അണക്കെട്ടു തുറന്നപ്പോൾ മണപ്പുറം മഹാദേവ ക്ഷേത്രത്തിന്റെ മേൽക്കൂര വരെ വെള്ളത്തിനടിയിലായി.

അക്കൊല്ലം ആൽത്തറ മുതൽ കടത്തുകടവ് വരെ റോഡിലാണ് കർക്കടക വാവുബലി കർമങ്ങൾ നടത്തിയത്.

അത്ര വലിയ ജലപ്രളയം ഇത്തവണ ഉണ്ടാകില്ലെന്നാണ് കണക്കുകൂട്ടൽ.

വാവുബലി ഒരുക്കങ്ങളുടെ ഭാഗമായി മണപ്പുറത്ത് ഒരാഴ്ച മുൻപു ശുചീകരണ പ്രവർത്തനങ്ങൾ തുടങ്ങിയിരുന്നു. ഇന്നലെ വൈകിട്ടോടെ അതു പൂർത്തിയായ ശേഷമാണ് പുഴയിൽ ജലനിരപ്പ് ഉയർന്നത്.

ഇന്നു രാവിലെ അഞ്ചു മുതൽ പെരിയാറിലും കൈവഴികളിലും ഇറങ്ങുന്നതു നിരോധിച്ചു കലക്ടർ ഉത്തരവിട്ടു.



**ജലപ്പെരുക്കം:** ആലുവ മണപ്പുറത്തെ ചവിട്ടുപടിയിൽ നിന്ന് തുണി അലക്കുന്ന യുവാവ്. ഇന്നലെ വൈകുന്നേരത്തെ കാഴ്ച. പുഴയിലെ ജലനിരപ്പ് ചവിട്ടുപടിയുടെ മുകളിൽ എത്തി മണപ്പുറത്തിന് ഒപ്പം നിൽക്കുകയാണ്. ഇടമലയാർ അണക്കെട്ടിന്റെ ഷട്ടറുകൾ ഇന്ന് രാവിലെ തുറക്കുന്നതോടെ പെരിയാറിൽ ഒന്നര മീറ്റർ വരെ ജലനിരപ്പുയർന്നേക്കാം എന്നാണ് അറിയിപ്പ് നൽകിയിരിക്കുന്നത്. 6 മണിക്കൂർ എടുക്കും ഇടമലയാർ അണക്കെട്ടിൽ നിന്ന് ജലം ആലുവയിൽ എത്താൻ.

ചിത്രം: റോബർട്ട് വിനോദ്

### അദ്വൈതാശ്രമത്തിൽ

ശ്രീനാരായണ ഗുരു സ്ഥാപിച്ച അദ്വൈതാശ്രമത്തിൽ കർക്കടക വാവുബലിക്ക് ഒരുക്കങ്ങൾ പൂർത്തിയായതായി സെക്രട്ടറി സ്വാമി ശിവസ്വരൂപാനന്ദ അറിയിച്ചു. 1500 പേർക്ക് ഒരേസമയം തർപ്പണം നടത്താം. മഴ നനയാതെ പിതൃകർമങ്ങൾ നടത്താൻ വിശാലമായ പന്തൽ സജ്ജീകരിച്ചു. സ്ത്രീകൾക്കും പുരുഷന്മാർക്കും വെവ്വേറെ തർപ്പണം നടത്താനും സൗകര്യം ഉണ്ടാകും.


**milma**

**തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ ക്ലിപ്തം**

ക്ഷീരഭവൻ, പട്ടം, തിരുവനന്തപുരം - 695 004.
ഫോൺ: 04712447109, 2446845, 2448057 | email : trcmpupi@gmail.com

നം. 132/ടിആർയു/പിആന്റ്ഐ/എംആർസി/2018-19 **മിൽക്ക് ടാങ്കർ ടെണ്ടർ വിജ്ഞാപനം** Dt. 08.08.2018

പാൽ ശീതീകരണ യൂണിറ്റുകളിൽ നിന്നുള്ള പാൽ വിവിധ ഡെയറികളിൽ എത്തിക്കുന്നതിന് 2 വർഷത്തേയ്ക്ക് കരാറിൽ ഏർപ്പെടുന്നതിന് മിൽക്ക് ടാങ്കർ ഉടമകൾ/പുതിയതായി ടാങ്കർ ലോറികൾ വാങ്ങാൻ ഉദ്ദേശിക്കുന്നവർ എന്നിവരിൽ നിന്നും ടെണ്ടറുകൾ ക്ഷണിക്കുന്നു. വിശദ വിവരങ്ങൾ യൂണിയന്റെ കേന്ദ്ര ഓഫീസിലും www.milmatrcmpu.com എന്ന വെബ്സൈറ്റിലും ലഭ്യമാണ്. ടെണ്ടർ സ്വീകരിക്കുന്ന അവസാന സമയം : 20/08/2018, ഉച്ചയ്ക്ക് 1 മണി.

ഒപ്/- മാനേജിംഗ് ഡയറക്ടർ



**പോളിടെക്നിക് സ്പോട്ട് അഡ്മിഷൻ**

എറണാകുളം, പാമ്പാക്കുട എം.ജി.എം. പോളിടെക്നിക് കോളേജിൽ AU, Civil, ME, EEE & ECE - ൽ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു.

SSLC യ്ക്ക് ഉയർന്ന മാർക്ക് കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പോടുകൂടി പ്രവേശനം ലഭിക്കുന്നതാണ്. അവസാന തീയതി : 10-8-2018 (വെള്ളി). ഫോൺ 79029 95111, 79029 93111.

പരസ്യം